**Institute of Human Resources Development**
*(Established by Government of Kerala)*
TC 86/1949(2) NH Bypass Junction, Chackai, Pettah P.O.
Thiruvananthapuram – 695024, Kerala.
Ph: +91 471 2322985, +91 471 2322501 Fax: +91 471 2322035
web: www.ihrd.ac.in. mail: director@ihrd.ac.in

Break the Chain

ഡിഎ1/2245/2019/എച്ച്.ആർ.ഡി തീയതി 20 .10.2021

രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഐ.എച്ച്.ആർ.ഡി എഞ്ചിനിയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ ശ്രദ്ധക്ക്.

അലോട്ട്മെന്റ് ലഭിച്ച് കോളേജിൽ പ്രവേശനം നേടുന്നതിന്

എൻട്രൻസ് പരീക്ഷാ കമ്മീഷണർ പുറപ്പെടുവിച്ച അലോട്ട്മെന്റ് പ്രകാരം ഐ.എച്ച്.ആർ.ഡി എഞ്ചിനിയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന രണ്ട് രീതിയിൽ പ്രവേശനം നേടാവുന്നതാണ്.

1. സാധാരണ രീതിയിലുള്ള പ്രവേശനം – അലോട്ട്മെന്റ് നേടിയ കോളേജിൽ നേരിട്ട് ഹാജരാകണം.
2. വെർച്ച്വൽ അഡ്മിഷൻ വഴി പ്രവേശനം

1. സാധാരണ രീതിയിലുള്ള പ്രവേശനം

ബാധകമായ എല്ലാ സർട്ടിഫിക്കറ്റുകളുടേയും ഒറിജിനൽ സഹിതം, ഈ രീതിയിലുള്ള അഡ്മിഷനിൽ, വിദ്യാർത്ഥി രക്ഷകർത്താവിനോടൊപ്പം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതാണ്. ഏത് ദിവസമാണ് ഹാജരാകേണ്ടതെന്ന്, എൻട്രൻസ് കമ്മീഷണറുടെ വെബ്സൈറ്റിൽ, പ്രസിദ്ധപ്പെടുത്തിയിരിക്കും. വിദ്യാർത്ഥിയുടെ തിരിച്ചറിയൽ രേഖയുടെ ഒറിജിനൽ (ആധാർ/വോട്ടർ ഐഡി തുടങ്ങിയതിൽ ഏതെങ്കിലും) വിദ്യാർത്ഥി അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

മതിയായ കാരണങ്ങളാൽ വിദ്യാർത്ഥി സ്വയം അഡ്മിഷന് ഹാജരാകുന്നില്ലെങ്കിൽ, വിദ്യാർത്ഥിക്ക് പകരം ഹാജരാകുന്ന ആളിനെ ചുമതലപ്പെടുത്തിയിരിക്കുന്ന സാക്ഷ്യപത്രം, (Annexure XIX പേജ് നമ്പർ110, കീം പ്രോസ്പക്ടസ് 2021) കൊടുത്ത് വിടേണ്ടതാണ്. ഈ സാക്ഷ്യപത്രത്തിൽ വിദ്യാർത്ഥിയും രക്ഷിതാവും ഒപ്പിടേണ്ടതാണ്. പകരം വരുന്ന ആളിന്റെ കൈവശം അദ്ദേഹത്തിന്റെ തിരിച്ചറിയൽ രേഖയുടെ ഒറിജിനൽ ഉണ്ടായിരിക്കേണ്ടതാണ്.

രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം, അലോട്ട്മെന്റ് ലഭിച്ച കോളേജ്, വിദ്യാർത്ഥിയെ പ്രവേശിപ്പിച്ചതായുള്ള സർട്ടിഫിക്കറ്റ് കൊടുക്കും.

2. വെർച്ച്വൽ അഡ്മിഷൻ

അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക്, വെർച്ച്വൽ അഡ്മിഷൻ വഴി പ്രവേശനം നേടാവുന്നതാണ്. ഈ രീതിയിലുള്ള അഡ്മിഷനിൽ വിദ്യാർത്ഥി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതില്ല. പകരം വിദ്യാർത്ഥിക്ക് സൗകര്യപ്രദമായ ഒരു റിപ്പോർട്ടിങ്ങ് സെന്ററിൽ ഹാജരാകുകയും, വെർച്ച്വൽ അഡ്മിഷൻ എടുക്കുകയും ചെയ്യാവുന്നതാണ്.

ഈ രീതിയിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾ, താഴെകൊടുത്തിരിക്കുന്ന ലിസ്റ്റിലുള്ള ഏതെങ്കിലും ഒരു റിപ്പോർട്ടിങ്ങ് സെന്ററിൽ ഹാജരാകേണ്ടതാണ്. റിപ്പോർട്ടിങ്ങ് സെന്ററിൽ ഹാജരായതിന് ശേഷം ഐ.എച്ച്.ആർ.ഡി എഞ്ചിനിയറിംഗ് കോളേജിൽ വെർച്ച്വൽ അഡ്മിഷന് അനുവദിക്കണമെന്നുള്ള അപേക്ഷ (വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിട്ടത്) അവിടെ സമർപ്പിയ്ക്കുകയും അതിന്റെ പകർപ്പ് അലോട്ട്മെന്റ് ലഭിച്ച കോളേജിലേയ്ക്ക്, ആ കോളേജിന്റെ വെബ്സൈറ്റിൽ നിർദ്ദേശിച്ചിരിയ്ക്കുന്ന വിധത്തിൽ ഇലക്ട്രോണിക് മാധ്യമം (email) വഴി അയയ്ക്കുകയും ചെയ്യേണ്ടതാണ്. **ഇതിന് മറുപടി പ്രസ്തുത കോളേജിൽ നിന്നും ലഭിച്ചതിനുശേഷം മാത്രം താഴെ പറഞ്ഞിരിയ്ക്കുന്ന രേഖകൾ റിപ്പോർട്ടിംഗ് സെന്ററിൽ സമർപ്പിക്കേണ്ടതാണ്.**

1. അഡ്മിറ്റ് കാർഡിന്റെ പകർപ്പ്

2.അലോട്ട്മെന്റ് മെമ്മോയുടെ പകർപ്പ്.

3. SSLC/10th/ജനനതീയതി തെളിയിക്കുന്ന രേഖയുടെ പകർപ്പ്

4. യോഗ്യതാ പരീക്ഷയുടെ (HSE/CBSE/ICSE or equivalent) മാർക്ക് ലിസ്റ്റിന്റെ പകർപ്പ് – ഒറിജിനൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

5. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് & സ്വഭാവ സർട്ടിഫിക്കറ്റ് (Conduct Certificate) – ഒറിജിനൽ നൽകേണ്ടതാണ്, പകർപ്പ് അനുവദനീയമല്ല.

6. എൻട്രൻസ് പരീക്ഷാ കൺട്രോളർക്ക് (CEE) ഫീസടച്ചതിന്റെ രസീതിന്റെ പകർപ്പ്

7. അലോട്ട്മെന്റ് ലഭിച്ച ഐ.എച്ച്.ആർ.ഡി എഞ്ചിനിയറിംഗ് കോളേജിൽ ഫീസടച്ചതിന്റെ രസീതിന്റെ പകർപ്പ്

8. ജാതി തെളിയിക്കുന്നതിന്റെ സർട്ടിഫിക്കറ്റ് , വരുമാന സർട്ടിഫിക്കറ്റ് (പകർപ്പ്) – SC/ST/OEC/OBC Candidates.

9. അലോട്ട്മെന്റ് ലഭിച്ച ഐ.എച്ച്.ആർ.ഡി എഞ്ചിനിയറിംഗ് കോളേജിൽ ഒറിജിനൽ പിന്നീട് ഹാജരാക്കാമെന്നുള്ള, നിശ്ചിത ഘടനയിലുള്ള സാക്ഷ്യപത്രം (Undertaking) – വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിട്ടത്.

10. ഫിസിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ( (ANNEXURE XVII(6), പേജ് നമ്പർ 104 – പകർപ്പ്

11. ഡാറ്റ ഷീറ്റ്– KEAM 2021

12. വിദ്യാർത്ഥിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്. തിരിച്ചറിയൽ രേഖയുടെ ഒറിജിനൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

13. പാസ് പോർട്ട് സൈസ് ഫോട്ടോഗ്രാഫ്

14. വിദ്യാർത്ഥി സ്വയം റിപ്പോർട്ടിങ്ങ് സെന്ററിൽ ഹാജരാകുന്നില്ലെങ്കിൽ, വിദ്യാർത്ഥിക്ക് പകരം ഹാജരാകുന്ന ആളിനെ ചുമതലപ്പെടുത്തിയിരിക്കുന്ന സാക്ഷ്യപത്രം (Annexure XIX പേജ് നമ്പർ110, കീം പ്രോസ്പക്ടസ് 2021) കൊടുത്ത് വിടേണ്ടതാണ്. ഈ സാക്ഷ്യപത്രത്തിൽ വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിടേണ്ടതാണ്. കൂടാതെ പകരം ഹാജരാകുന്ന ആളിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. തിരിച്ചറിയൽ രേഖയുടെ ഒറിജിനൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. റിപ്പോർട്ടിംഗ് സെന്ററിൽ സമർപ്പിച്ച രേഖകളുടെ രസീത് അവിടെ നിന്നും ലഭിക്കുന്നതാണ്.

റിപ്പോർട്ടിങ്ങ് സെന്ററിൽ ഹാജരായി മുകളിൽപ്പറഞ്ഞ രേഖകൾ സമർപ്പിച്ചതിന് ശേഷം, ഓരോ വിദ്യാർത്ഥിയും അവർക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജിലേക്ക്, അവരുടെ സർട്ടിഫിക്കറ്റുകളുടെ scanned പകർപ്പ് ഇലക്ട്രോണിക് മാധ്യമം വഴി അയക്കേണ്ടതാണ്. ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അതാത് കോളേജിന്റെ വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

രേഖകളുടെ scanned പകർപ്പ് ലഭിച്ച് കഴിഞ്ഞാൽ, അവ പരിശോധിച്ചതിന് ശേഷം, പ്രവേശനം നൽകിയതായുള്ള അറിയിപ്പ്, പ്രവേശനം നൽകിയ കോളേജ് ഓരോ വിദ്യാർത്ഥിക്കും ഇമെയിൽ വഴി നൽകുന്നതായിരിക്കും.

റിപ്പോർട്ടിങ്ങ് സെന്ററിൽ നൽകുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ വിദ്യാർത്ഥികൾ കരുതേണ്ടതാണ്.

(വെർച്ച്വൽ അഡ്മിഷൻ എടുക്കുന്നവർ,2021 ഒക്ടോബർ 23ന്, 4 മണിക്ക് മുൻപായി റിപ്പോർട്ടിങ്ങ് സെന്ററിൽ മേൽപ്പറഞ്ഞിരിക്കുന്ന രേഖകൾ നൽകേണ്ടതാണ്.)

**വെർച്ച്വൽ അഡ്മിഷന് വിദ്യാർത്ഥികൾക്ക് ഹാജരാകാൻ അനുവദിച്ചിട്ടുള്ള റിപ്പോർട്ടിങ്ങ് സെന്ററുകൾ**

1. **ഐ.എച്ച്.ആർ.ഡിയുടെ എഞ്ചിനിയറിംഗ് കോളേജുകൾ**

a. ആറ്റിങ്ങൽ – 8547005037, 0470-2627400

b. കൊട്ടാരക്കര – 8547005039, 0474-2453300

c. കരുനാഗപ്പള്ളി – 8547005036, 0476-2665935

d. അടൂർ – 8547005100, 04734-231995

e. ചെങ്ങന്നൂർ – 8547005032, 0479-2456046

f. കല്ലൂപ്പാറ – 8547005034, 0469-2678983

g. ചേർത്തല – 8547005038, 0478-2553416

h. പൂഞ്ഞാർ – 8547005035, 04822-271737

I. മോഡൽ എഞ്ചിനിയറിംഗ് കോളേജ്, എറണാകുളം – 8547005097, 0484-2575370

2. തൃശ്ശൂർ ജില്ല – മോഡൽ പോളിടെക്നിക് കോളേജ്, മാള – 8547005080, 0480-2720746

3. പാലക്കാട് ജില്ല – അപ്ലൈഡ് സയൻസ് കോളേജ്, വടക്കഞ്ചേരി – 8547005042, 0491-2985061

4. മലപ്പുറം ജില്ല – അപ്ലൈഡ് സയൻസ് കോളേജ്, വട്ടംകുളം – 8547005054, 0494-2689655

5. കോഴിക്കോട് ജില്ല – അപ്ലൈഡ് സയൻസ് കോളേജ്, കോഴിക്കോട് – 8547005044, 0495-2765154

6. വയനാട് ജില്ല – അപ്ലൈഡ് സയൻസ് കോളേജ്, മാനന്തവാടി – 8547005060

7. കണ്ണൂർ & കാസർകോഡ് ജില്ലകൾ– മോഡൽ പോളിടെക്നിക് കോളേജ്, കല്ല്യാശ്ശേരി – 8547005082, 0497-2780287

## പ്രവേശനം ലഭിച്ച അഡ്മിഷൻ റദ്ദാക്കുന്നതിനും ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് തിരികെ വാങ്ങുന്നതിനും

### A. സാധാരണ രീതിയിലുള്ള പ്രവേശനം നേടിയവർ

പ്രവേശനം നേടിയ കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ റദ്ദാക്കണമെന്നും TC തിരികെ ലഭിക്കുന്നതിനുമുള്ള അപേക്ഷ (വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിട്ടത്) നൽകുക.

### B. വെർച്ചൽ അഡ്മിഷൻ നേടിയവർ

അഡ്മിഷൻ റദ്ദാക്കണമെന്നും TC തിരികെ ലഭിക്കുന്നതിനുമുള്ള അപേക്ഷ (വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിട്ടത്) പ്രവേശനം നേടിയ കോളേജിലേക്ക് ഇലക്ട്രോണിക് മാധ്യമം വഴി അയക്കുക. വിശദവിവരങ്ങൾ പ്രവേശനം നേടിയ കോളേജിന്റെ വെബ്സൈറ്റിൽ ലഭ്യമായിരിക്കും. **കോളേജിൽ നിന്നും മറുപടി ലഭിച്ചതിനു ശേഷം മാത്രം നേരത്തെ TC- യും മറ്റും സമർപ്പിച്ച റിപ്പോർട്ടിങ്ങ് സെന്ററിൽ താഴെപ്പറഞ്ഞിരിക്കുന്ന രേഖകൾ സമർപ്പിക്കണം.**

1. വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിട്ട അഡ്മിഷൻ റദ്ദാക്കണമെന്നും TC തിരികെ ലഭിക്കുന്നതിനുമുള്ള അപേക്ഷയുടെ ഒറിജിനൽ

2. കോളേജിൽ നിന്നും ലഭിച്ച മറുപടിയുടെ പകർപ്പ്

3. TC സമർപ്പിക്കുമ്പോൾ റിപ്പോർട്ടിങ്ങ് സെന്ററിൽ നിന്നും കൊടുത്ത രസീതിന്റെ ഒറിജിനൽ

4. വിദ്യാർത്ഥി സ്വയം ഹാജരാകുന്നില്ലെങ്കിൽ വിദ്യാർത്ഥിക്ക് പകരം ഹാജരാകുന്ന ആളിനെ ചുമതലപ്പെടുത്തിയിരിക്കുന്ന സാക്ഷ്യപത്രം. ഈ സാക്ഷ്യപത്രത്തിൽ വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിടേണ്ടതാണ്.

5. പകരം വരുന്ന ആളിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്. അദ്ദേഹത്തിന്റെ കൈവശം തിരിച്ചറിയൽ രേഖയുടെ ഒറിജിനൽ ഉണ്ടായിരിക്കേണ്ടതാണ്.

6. വിദ്യാർത്ഥി സ്വയം ഹാജരാകുകയാണെങ്കിൽ വിദ്യാർത്ഥിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പും ഒറിജിനലും (ആധാർ/വോട്ടർ ഐഡി തുടങ്ങിയതിൽ ഏതെങ്കിലും) വിദ്യാർത്ഥി ഹാജരാക്കേണ്ടതാണ്.

C. TC, Conduct സർട്ടിഫിക്കറ്റ് എന്നിവയുടെ ഒറിജിനൽ തിരികെ ലഭിക്കുമ്പോൾ അവ തിരികെ ലഭിച്ചതായുള്ള രസീത്, വിദ്യാർത്ഥി അല്ലെങ്കിൽ പകരം വരുന്ന വ്യക്തി നൽകേണ്ടതാണ്.

ഡയറക്ടർ